**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2267** **01-09-2022 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ യൂണിറ്റുകൾ വഴി പച്ചക്കറി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ നിയമസഭാമണ്ഡലങ്ങളിലും കുടുംബശ്രീ യൂണിറ്റുകൾ വഴി വ്യാപകമായി പച്ചക്കറി കൃഷി ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; | (എ) | **സംസ്ഥാനത്ത് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും കുടുംബശ്രീ യൂണിറ്റുകൾ മുഖേന വ്യാപകമായി പച്ചക്കറി കൃഷി നിലവിൽ ചെയ്തു വരുന്നുണ്ട്. 14 ജില്ലകളിലായി നിലവിൽ 74,776 ജെഎൽജി-കൾ 3,43,271 കുടുംബശ്രീ അംഗങ്ങളായ വനിതാ കർഷകർ 33310.05 ഹെക്ടറിലായി പച്ചക്കറി, നേന്ത്രൻ, കിഴങ്ങുവർഗ്ഗങ്ങൾ, നെല്ല് എന്നിവ കൃഷി ചെയ്തുവരുന്നുണ്ട്. കൃഷി വിപുലപ്പെടുത്താനായി ഇന്റഗ്രേറ്റഡ് ഫാമിംഗ് മുതലായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള മുന്നൊരുക്കം നടത്തുന്നതിനും നല്ലയിനം പച്ചക്കറിതൈകൾ, ജൈവവളം എന്നിവ ലഭ്യമാക്കുന്നതിനും ലഭിക്കുന്ന പച്ചക്കറികൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന നാട്ടുവിപണിയിലൂടെ വിറ്റഴിക്കുന്നതിന് സൗകര്യമൊരുക്കുന്നതിനും മേൽനോട്ടത്തിനും മാർഗ നിർദേശങ്ങൾക്കുമായി കൃഷി അനുബന്ധ വിഷയങ്ങളിൽ ബിരുദം നേടിയവർക്ക് അക്രഡിറ്റ് ഓഫീസർ ട്രെയിനിമാരായി താൽക്കാലിക നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | **ടി പദ്ധതികളുടെ മേൽനോട്ടത്തിനായി കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ചെയ്ത് പരിചയവും കർഷകർക്ക് ആവശ്യമായ പരിശീലനങ്ങളും നടത്തുന്നതിനായി ബ്ലോക്ക് തലത്തിൽ ജീവ/മാസ്റ്റർ ഫാർമേഴ്സിനെ തിരഞ്ഞെടുത്തിട്ടുണ്ട്. കൃഷി അനുബന്ധ വിഷയങ്ങളിൽ ബിരുദം നേടിയവർക്ക് അക്രഡിറ്റ് ഓഫീസർ ട്രെയിനിമാരായി താത്ക്കാലിക നിയമനം നൽകുന്നതിന് പദ്ധതിയൊന്നും തത്ക്കാലം പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ